# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 64** 10.02.2016 - **ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ജലനിരപ്പ്**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. സുരേഷ് കുറുപ്പ്**<br>**ഡോ. ടി.എം.തോമസ് ഐസക്**<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>**ശ്രീമതി. പി.അയിഷാ പോറ്റി** | **പി.ജെ ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) 2015 ഡിസംബറിൽ മുല്ലപ്പെരിയാർ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിലും അതിനു മുൻപും മേൽ നോട്ട സമിതി വേണ്ട വിധത്തിൽ പ്രവർത്തിച്ചില്ലെന്ന കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തി പുതിയ സമിതിയെ നിയമിക്കാനോ, അല്ലെങ്കിൽ ജനങ്ങളുടെ സുരക്ഷ പരിഗണിച്ച് ഫലപ്രദമായ മറ്റു സംവിധാനങ്ങൾ ഏർ പ്പെടുത്താനോ സുപ്രീംകോടതിയെ സമീപിക്കാൻ തയ്യാറാകാതിരുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ; | (എ) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച 07.05.2014-ലെ വിധിന്യായ പ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ട്. എന്നാൽ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടുള്ള കേരളത്തിന്റെ ആശങ്കകളും ദൂരീകരിക്കപ്പെടേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ; തമിഴ്നാട് സർക്കാരിനോടും, ബഹു. സുപ്രീംകോടതി നിയോഗിച്ച മേൽ നോട്ട സമിതിയുടെ ചെയർമാനോടും, കേന്ദ്ര സർക്കാരിനോടും, കേന്ദ്ര ജലകമ്മീഷനോടും യഥാസമയം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തവും സമയോചിതവുമായ ഇടപെടൽ മൂലം 2015 ഡിസംബറിൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 141.70 |

(..2)

അടിയിൽ എത്തിയപ്പോൾ മുതൽ തമിഴ്നാട് വൈഗ അണക്കെട്ടിലേക്ക് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് കൂട്ടുകയും അണക്കെട്ടിന്റെ ഷട്ടറുകൾ തുറന്ന്, നിയന്ത്രിതമായ രീതിയിൽ പെരിയാറിലൂടെ ജലം ഒഴുക്കിവിടുകയും ഉണ്ടായി. അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് മഴകുറഞ്ഞുവന്ന സാഹചര്യത്തിൽ ജലനിരപ്പ് 142 അടിയ്ക്ക് മുകളിൽ ഉയർന്നുമില്ല. മേൽ നോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധികൂടിയായ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി മേൽ നോട്ട സമിതിയുടെ ചെയർമാന് ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ, ജലനിരപ്പ് ഉയർത്തുമ്പോൾ കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ തമിഴ്നാടിന് മേൽ നോട്ട സമിതിയുടെ ചെയർമാനും കേന്ദ്ര ജലവിഭവ മന്ത്രാലയവും നിർ ദ്ദേശങ്ങൾ നൽകിയിരുന്നു. മേൽ വിവരിച്ച സാഹചര്യത്തിൽ മേൽ നോട്ട സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്യുന്നത് പ്രയോജനപ്രദമായിരിക്കുകയില്ലായെന്ന് നിയമവിദഗ്ദ്ധരുമായി നടത്തിയ ചർച്ചയിൽ അവർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതിയെ സമീപിക്കാതിരുന്നത്. ജനങ്ങളുടെ സുരക്ഷ സംബന്ധിച്ച കാര്യത്തിൽ സാദ്ധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

(ബി) ജനങ്ങളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ ധരിപ്പിച്ചിരുന്നോ; എങ്കിൽ എന്തായിരുന്നു പ്രതികരണം;

(സി) തമിഴ്നാട് സർക്കാരിന്റെ നിഷേധാത്മക നിലപാടിനെതിരെ നിയമപരവും ഭരണപരവുമായി നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(ബി) യും (സി) യും മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനുള്ള ആശങ്കകൾ കേന്ദ്ര സർക്കാരിന്റെയും സുപ്രീംകോടതി നിയോഗിച്ച മേൽ നോട്ട സമിതിയുടേയും ശ്രദ്ധയിൽ പ്പെടുത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും യഥാസമയം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയും, ജലവിഭവ വകുപ്പ് മന്ത്രിയും; ബഹു. പ്രധാനമന്ത്രിയേയും, ബഹു. കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിയേയും നേരിൽ കണ്ട് ചർച്ചകൾ നടത്തി, മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനുള്ള ആശങ്കകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സന്ദർശന വേളയിൽ നൽകിയ നിവേദനത്തിൽ മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ച് കിട്ടുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ 2014-ലെ വിധിന്യായത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് ബഹു. പ്രധാനമന്ത്രിയും ബഹു. കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിയും അറിയിച്ചിട്ടുള്ളത്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നുവന്ന സാഹചര്യത്തിൽ മേൽ നോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധി നിരന്തരമായി നടത്തിയ കത്തിടപാടുകളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ സുരക്ഷ സംബന്ധിച്ച കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്താൻ തമിഴ്നാടിന് മേൽ നോട്ട സമിതി ചെയർമാനും കേന്ദ്ര ജലവിഭവ മന്ത്രാലയവും നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് ഭരണപരവും നിയമപരവുമായുള്ള സാദ്ധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(..4)

(ഡി) അന്തർ ദേശീയ വിദഗ്ദ്ധർ ഉൾ പ്പെട്ട സംഘത്തെക്കൊണ്ട് അണക്കെട്ട് പരിശോധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവെങ്കിൽ അറിയിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു; വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രിയും, ജലവിഭവ വകുപ്പ് മന്ത്രിയും ബഹു. പ്രധാനമന്ത്രിയെ സന്ദർശിച്ച അവസരത്തിൽ സമർപ്പിച്ച നിവേദനങ്ങളിൽ, തമിഴ്നാട്ടിലെ ചെന്നൈയിൽ ഉണ്ടായ പേമാരിയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രളയ സാദ്ധ്യതാ ഭീഷണി സംബന്ധിച്ച കാര്യങ്ങൾ അന്തർ ദേശീയ/ദേശീയ തലത്തിലുള്ള വിദഗ്ദ്ധരെക്കൊണ്ട് പുനരവലോകനം ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) നാല്പതു ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് മനുഷ്യാവകാശ കമ്മീഷനെ ഇടപെടുവിക്കാൻ നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടെന്ന് അറിയിക്കുമോ?

(ഇ) ഭരണഘടനാബെഞ്ചിന്റെ 2014-ലെ വിധിയുടെ പശ്ചാത്തലത്തിൽ; സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷനെ സമീപിക്കുന്നതിന് പരിമിതികൾ ഉണ്ടെന്ന്, നിയമവിദഗ്ദ്ധരുമായി നടത്തിയ ചർച്ചയിൽ അവർ അഭിപ്രായപ്പെട്ടിരുന്നു. അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നുവന്ന സാഹചര്യത്തിൽ ഷട്ടറുകൾ തുറന്ന് ജലം പെരിയാറിലേക്ക് ഒഴുക്കിയ സാഹചര്യം, മനുഷ്യാവകാശ ലംഘനത്തിന്റെ പരിധിയിൽ വരുന്ന പ്രശ്നമല്ലായെന്നും നിയമവിദഗ്ദ്ധർ ചർച്ചാവേളയിൽ അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പരാമർശവിഷയവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ സുരക്ഷയ്ക്കായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന സർക്കാർ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഇക്കാര്യവും കൂടുതൽ പരിശോധനാവിധേയമാക്കുവാനാണുദ്ദേശിക്കുന്നത്

**സെക്ഷൻ ഓഫീസർ**